# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1642 | 15.02.2016 -ൽ മറുപടിയ്ക്ക് |
|---|---|

**ശ്രീമതി ഡോളി കെ.ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ്**

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | 14.02.1990 ൽ ജോലിയിൽ പ്രവേശിച്ച് 30.11.2013 സി.ഡി.പി.ഒ ആയി റിട്ടയർ ചെയ്ത ശ്രീമതി ഡോളി കെ. ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ് ലഭിക്കുന്നതിനായി 22.04.2014 ന് സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഡയറക്ടർ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) ശ്രീമതി.ഡോളി കെ.ജോർജ് മൂന്നാമത്തെ ഗ്രേഡ് അനുവദിക്കുന്നതിനു വേണ്ടിയല്ല 22.04.2014 ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. രണ്ടാമത്തെ ഹയർ ഗ്രേഡ് അനുവദിച്ച 16180-27180 ശമ്പള സ്കെയിൽ 18740-33680 ആക്കി മാറ്റി നൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. സൂപ്പർവൈസർമാരുടെ രണ്ടാമത്തെ പ്രൊമോഷൻ തസ്തികയാണ് അസിസ്റ്റന്റ് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസറെന്നും, ആയതിനാൽ രണ്ടാമത്തെ ഗ്രേഡ് 16180-27180 എന്ന ശമ്പള സ്കെയിലിലാണ് അനുവദിക്കേണ്ടതെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഗ്രേഡ് അനുവദിച്ചിട്ടുള്ളത്. സ.ഉ(സാധാ) നം. 477/15/സാനീവ തിയതി.31.07.2015 |
| (ബി) | നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് എ.ജി 24.01.2014 ലെ ജി.ഇ 18/ഇ/എസ്.ഡബ്ല്യൂ/2013-14/9951 കത്ത് മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 24.01.2014 ലെ എ.ജിയുടെ GE18/E/SW/2013-14/9951 നം. കത്ത് സാമൂഹ്യനീതി ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| (സി) | ശ്രീമതി ഡോളി ജോർജിന് അർഹതപ്പെട്ട മൂന്നാമത്തെ ഗ്രേഡ് നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; | (സി) യും (ഡി)യും സൂപ്പർവൈസർ തസ്തികയിൽ 14.02.1990 ന് ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഡോളി കെ. ജോർജ്ജ് മൂന്നാമത്തെ ഹയർ ഗ്രേഡിന് അർഹയാകുന്നത് 14.02.2012 ലാണ്. എന്നാൽ ഈ തീയതിയ്ക്ക് മുമ്പ് 27.02.2011 ന് തന്നെ ടിയാൾക്ക് സി.ഡി.പി.ഒ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതാണ്. ഉദ്യോഗക്കയറ്റ തസ്തികയായ സി.ഡി.പി.ഒ തസ്തികയിലേയ്ക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് മുമ്പ് തന്നെ ഉദ്യോഗക്കയറ്റം ലഭിച്ചതിനാലാണ്, ടിയാൾക്ക് മൂന്നാമത്തെ ഗ്രേഡ് അനുവദിക്കാത്തത് . മൂന്നാമത്തെ ഉദ്യോഗക്കയറ്റം ലഭിച്ച ടിയാൾക്ക് ഇത് പ്രകാരമുള്ള ശമ്പള ഫിക്സേഷൻ (സർവ്വീസിൽ മൂന്നാമത്തെ) അക്കൗണ്ടന്റ് ജനറൽ ആണ് അനുവദിക്കേണ്ടത് |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത ഗ്രേഡ് നൽകുവാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ? | |

സെക്ഷൻ ഓഫീസർ